**മധുരമായ കുട്ടികളേ– ജ്ഞാനയോഗത്തോടൊപ്പം നിങ്ങളുടെ പെരുമാറ്റവും വളരെ നല്ലതായിരിക്കണം, ഒരു പ്രകാരത്തിലുള്ള ഭൂതവും ഉള്ളിൽ ഉണ്ടാകരുത് എന്തുകൊണ്ടെന്നാൽ നിങ്ങൾ ഭുതത്തെ പുറത്താക്കുന്നവരാണ്.**

**ചോദ്യം:–** സൽപുത്രരായ കുട്ടികൾക്ക് ഏതൊരു ലഹരിയാണ് സ്ഥിരമായി ഉണ്ടാവുക?
**ഉത്തരം:–** ബാബയിൽ നിന്നും നമ്മൾ ഡബിൾക്കിരീടം, വിശ്വത്തിന്റെ അധികാരിയായി മാറുന്നതിനുള്ള സമ്പത്ത് എടുക്കുകയാണ്. ഈ ലഹരി സൽപുത്രരായ കുട്ടികൾക്കു മാത്രമേ സ്ഥിരമായി ഉണ്ടാകൂ. എന്നാൽ കാമത്തിന്റേയും ക്രോധത്തിന്റേയും ഭൂതം ഉള്ളിലുണ്ടെങ്കിൽ ഈ ലഹരിയുണ്ടാവുക സാധ്യമല്ല. ഇങ്ങനെയുള്ള കുട്ടികൾക്ക് പിന്നീട് ബാബയെ ബഹുമാനിക്കാനും സാധിക്കില്ല അതിനാൽ ആദ്യം ഭൂതങ്ങളെ ഓടിക്കണം. തന്റെ അവസ്ഥയെ ശക്തിശാലിയാക്കി മാറ്റണം.

**ഗീതം:–** എൻ മനസ്സിൻ വാതിലിൽ വന്നതാരോ.......

**ഓം ശാന്തി**. ഇതിന്റെ അർത്ഥം നിങ്ങൾ കുട്ടികൾക്ക് അല്ലാതെ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. പരമപിതാ പരമാത്മാവിന് സ്ഥൂലത്തിലോ സൂക്ഷ്മത്തിലോ ഒരു ചിത്രമില്ലാത്തതിനാൽ മനസ്സിലാക്കുന്നതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ്. സുക്ഷ്മത്തിലുള്ളത് ദേവതകളാണ്, അവർ 3 പേരേയുള്ളൂ. അതിലും അതിസൂക്ഷ്മമാണ് പരമാത്മാവ്. ഇപ്പോൾ അല്ലയോ പരമപിതാ പരമാത്മാവേ എന്ന് വിളിക്കുന്നത് ആരാണ്? ആത്മാവ്. പരമപിതാ പരമാത്മാവിനെ പരമമായ ആത്മാവ് എന്നാണ് വിളിക്കുന്നത്. ലൗകിക പിതാവിനെ ആത്മാവ് പരമപിതാവ് എന്ന് വിളിക്കില്ല. പാരലൗകിക പരമപിതാ പരമാത്മാവിനെ ആരാണോ ഓർമ്മിക്കുന്നത് അവരെ ദേഹീ–അഭിമാനി എന്നു പറയുന്നു. ദേഹവുമായി സംബന്ധമുള്ളപ്പോൾ ലൗകിക പിതാവിനെ ഓർമ്മവരും. ഇത് ആത്മാവുമായി സംബന്ധം വെയ്ക്കുന്ന അച്ഛനാണ്. ഇപ്പോൾ ആ അച്ഛൻ വന്നിരിക്കുകയാണ്. ആത്മാവ് ബുദ്ധികൊണ്ടാണ് അറിയുന്നത്, ആത്മാവിൽ ബുദ്ധിയുണ്ടല്ലോ. അതിനാൽ പരമപിതാ പരമാത്മാവ് പാരലൗകിക പിതാവാണ്. അവരെയാണ് ഈശ്വരൻ എന്നു വിളിക്കുന്നത്. ഇപ്പോൾ ബാബ ഈ ചോദ്യാവലി ഉണ്ടാക്കിയിട്ടുണ്ട്. ഇതിലൂടെ മനസ്സിലാക്കിക്കൊടുക്കുന്നത് നിങ്ങൾ കുട്ടികൾക്ക് സഹജമായിരിക്കും. എങ്ങനെയാണോ ഫോം പൂരിപ്പിക്കുന്നത് അതുപോലെ ചോദ്യങ്ങൾ ചോദിക്കാനും സാധിക്കും. തീർച്ചയായും ആരാണോ ചോദിക്കുന്നത് അവർ ജ്ഞാനമുള്ളവരായിരിക്കും അതിനാൽ അവർ ടീച്ചറാണ്. ആത്മാവു തന്നെയാണ് ശരീരം ധാരണ ചെയ്യുന്നതും പിന്നീട് ഇന്ദ്രിയങ്ങളിലൂടെ മനസ്സിലാക്കിക്കൊടുക്കുന്നതും. അതിനാൽ കുട്ടികൾക്ക് സഹജമാക്കി മനസ്സിലാക്കിക്കൊടുക്കുന്നതിന് വേണ്ടിയാണ് ഇത് ഉണ്ടാക്കിയിരിക്കുന്നത്. പക്ഷേ ജ്ഞാനം കേൾപ്പിക്കുന്ന കുട്ടികളുടെ അവസ്ഥയും വളരെ നല്ലതായിരിക്കണം. ആരിലാണോ കാമം, ക്രോധം, ലോഭം, മോഹം, അഹങ്കാരം എന്നീ ഭൂതങ്ങൾ ഇല്ലാത്തത് അവരിലേ ദൈവീക പെരുമാറ്റം ഉണ്ടാകൂ. ഇവ വലിയ വലിയ ഭുതങ്ങളാണ്. നിങ്ങൾ കുട്ടികളിൽ ഒരു ഭൂതവും ഉണ്ടാകരുത്. നമ്മൾ ഭുതത്തെ ഓടിക്കുന്നവരാണ്. അലഞ്ഞു തിരിയുന്ന അശുദ്ധ ആത്മാക്കളെയാണ് അവർ ഭൂതം എന്നു പറയുന്നത്. ആ ഭൂതത്തെ ഓടിക്കുന്നവരും സൂത്രശാലികളായിരിക്കും. ഈ 5 വികാരരൂപത്തിലുള്ള ഭൂതത്തെ പരമപിതാ പരമാത്മാവിനല്ലാതെ മറ്റാരെക്കൊണ്ടും ഓടിക്കാൻ കഴിയില്ല. സർവ്വരിൽ നിന്നും ഭൂതത്തെ ഓടിക്കുന്നത് പരമാത്മാവാണ്. സർവ്വരുടേയും സദ്ഗതി ചെയ്യുന്നതും രാവണനിൽ നിന്നും മുക്തമാക്കുന്നതും ബാബ തന്നെയാണ്. ഇതാണ് വലിയ ഭൂതം. പറയാറുണ്ട് ഇവരിൽ ക്രോധത്തിന്റെ ഭൂതമുണ്ട്, ഇവരിൽ മോഹത്തിന്റേയും അശുദ്ധ അഹങ്കാരത്തിന്റേയും ഭൂതമുണ്ട്. സർവ്വരേയും ഈ ഭൂതത്തിൽ നിന്നും മുക്തമാക്കുന്നത് പരമപിതാ പരമാത്മാവ് ഒരാൾ മാത്രമാണ്. നിങ്ങൾക്ക് അറിയാം ഈ സമയത്ത് ഏറ്റവും ശക്തിശാലി ക്രിസ്ത്യൻസാണ്. അവരുടെ ഇംഗ്ലീഷ് ഭാഷയും വളരെ നല്ലതാണ്. രാജാക്കന്മാർ അവരവരുടെ ഭാഷയിൽ രാജ്യം ഭരിക്കും. ദേവതകളുടെ ഭാഷ ആർക്കും അറിയില്ല. നമ്മുടെ പെൺമക്കൾ മുമ്പ് എല്ലാം വന്ന് പറയുമായിരുന്നു. രണ്ടോ നാലോ ദിവസം ധ്യാനത്തിൽ ഇരിക്കുമായിരുന്നു. ബുദ്ധിവാനായ സന്ദേശീ കുട്ടികൾക്ക് അവിടെയുള്ള ഭാഷ കണ്ടിട്ടുവന്ന് പറയാൻ സാധിക്കും.
നിങ്ങൾ കുട്ടികൾ എല്ലാവർക്കും ഭാരതത്തിന്റെ കഥ കേൾപ്പിക്കൂ. ഭാരതം സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമാണ്, പൂജ്യനിൽ നിന്നും പൂജാരിയായി മാറി. ഭാരതത്തിൽ ദേവതകളുടെ ചിത്രം അനേകമുണ്ട്, അന്ധവിശ്വാസത്തോടെ പൂജിക്കുന്നു. ജീവിതകഥ അറിയില്ല. നമ്മൾ എല്ലാവരും അഭിനേതാക്കൾ ആയതിനാൽ ഡ്രാമയുടെ സംവിധായകനെ അറിയണം അതിനാലാണ് ചോദ്യാവലി ഉണ്ടാക്കിയിരിക്കുന്നത്. നിങ്ങൾ പോപ്പിന് എഴുതണം, നിങ്ങൾ നിങ്ങളുടെ അനുയായികളോട് പറയുന്നുണ്ട് വിനാ

ശത്തിന്റെ ഈ കാര്യങ്ങൾ അവസാനിപ്പിക്കൂ എന്ന്, എന്നിട്ടും അവർ മാനിക്കാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ എല്ലാവരുടേയും ഗുരുവാണ്, നിങ്ങൾക്ക് വളരെ അധികം മഹിമയുണ്ട് എന്നിട്ടും എന്തുകൊണ്ടാണ് അവർ അനുസരിക്കാത്തത്? കാരണം നിങ്ങൾക്ക് അറിയില്ലായെങ്കിൽ ഞങ്ങൾ താങ്കൾക്ക് പറഞ്ഞുതരാം. ഇതൊന്നും നിങ്ങളുടെ മതപ്രകാരത്തിലല്ല. ഇത് ഈശ്വരീയ മതപ്രകാരമാണ് ഉണ്ടാക്കുന്നത്. സ്വർഗ്ഗത്തിന്റെ സ്ഥാപന ആദം-ഹവ്വയിലൂടെ നടന്നുകൊണ്ടിരിക്കുകയാണ്. ജ്ഞാനസാഗരനാണ് ഭഗവാൻ, അവർ ഗുപ്തമാണ്. തീർച്ചയായും ഭഗവാന്റെ സേന, ഭഗവാന്റെ മതപ്രകാരം നടക്കുന്നവരായിരിക്കും. ഇങ്ങനെ ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കണം. പക്ഷേ കുട്ടികൾ ഇത്രയ്ക്ക് വിശാലബുദ്ധികളല്ല, അതിനാൽ സ്ക്രൂ ടൈറ്റ് ആക്കേണ്ടിവരുന്നു. എഞ്ചിൻ തണുത്തുപോയാൽ അതിനെ ചൂടുപിടിപ്പിക്കാൻ കൽക്കരിയിടുന്നതുപോലെ. ഇതും ജ്ഞാനത്തിന്റെ കൽക്കരിയാണ്. പരമപിതാ പരമാത്മാവ് ഏറ്റവും വലുതാണ് അതിനാൽ ബാബയെ സലാം ചെയ്യാൻ എല്ലാവരും വരും. പോപ്പ് ശക്തിശാലിയാണ് എന്ന് എല്ലാവരും മനസ്സിലാക്കുന്നു. പോപ്പിന് എത്ര ബഹുമാനം നൽകുന്നുവോ അത്രയും ബഹുമാനം മറ്റാർക്കും നൽകുന്നില്ല. ബാബയെ അറിയില്ല. കാരണം ഗുപ്തമാണ്. ബാബയെ കുട്ടികൾ മാത്രമാണ് അറിയുന്നത്, ഒപ്പം ലക്ഷ്യവും നൽകുന്നു. പക്ഷേ മായ കുട്ടികളെപ്പോലും ബാബയ്ക്ക് ബഹുമാനം നൽകാൻ അനുവദിക്കുന്നില്ല. ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്, ഈ ലഹരി പുറത്ത് പോകുമ്പോൾ തന്നെ അവസാനിക്കുന്നു. ബാബയിൽ നിന്നും ഡബിൾ കിരീടത്തിന്റെ സമ്പത്ത് എന്തുകൊണ്ട് നമുക്ക് എടുത്തുകൂട, ഇതാണ് സൽപുത്രരുടെ ലഹരി. എന്നാൽ വളരെ അധികം കുട്ടികൾ ഇങ്ങനെയുണ്ട് അവരിൽ കാമം, ക്രോധം, ലോഭം മുതലായവയുടെ ഭൂതം വരുന്നു. ബാബ മുരളി കേൾപ്പിക്കുമ്പോൾ ഉള്ളിൽ തോന്നും ഇതുവരെ തന്റെയുള്ളിൽ കാമത്തിന്റെ ചെറിയ ലഹരിയുണ്ട്. അഥവാ ഒരു ഭാഗം ശക്തമാണെങ്കിൽ പിന്നെ ഒന്നും സംഭവിക്കില്ല. ചിലയിടങ്ങളിൽ സ്ത്രീ ശക്തിശാലിയായിരിക്കും ചിലയിടങ്ങളിൽ പുരുഷൻ ശക്തിശാലിയായിരിക്കും. ബാബയുടെ അടുത്തേയ്ക്ക് സർവ്വപ്രകാരത്തിലുമുള്ള വാർത്തകളും എത്തും. ചിലർ സത്യമായ ഹൃദയത്തോടെ എഴുതും, ഉള്ളും പുറവും ശുദ്ധമായിരിക്കണം. ചിലർ പുറത്ത് സത്യവും അകത്ത് അസത്യവുമായിരിക്കും. വളരെപ്പേർക്ക് കൊടുങ്കാറ്റുകൾ വരും. എഴുതുന്നു ബാബാ ഇന്ന് എനിക്ക് കാമത്തിന്റെ കൊടുങ്കാറ്റ് വന്നു പക്ഷേ ഞാൻ രക്ഷപ്പെട്ടു. അഥവാ എഴുതുന്നില്ലെങ്കിൽ തെറ്റ് ശീലമാകും. അവസാനം വീണുപോകും. ബാബയ്ക്ക് കുട്ടികളുടെ മേലെ വിശ്വാസമുണ്ടല്ലോ. അല്പം ഗ്രഹപ്പിഴയാണ് ഉള്ളതെങ്കിൽ അത് ഇറങ്ങിക്കോളും. ചിലർ ഇന്ന് നന്നായിട്ട് പോകുന്നുണ്ടാകും എന്നാൽ നാളെ ബോധം കെട്ട് തലതാഴ്ത്തും. തീർച്ചയായും എന്തെങ്കിലും അവജ്ഞ ചെയ്തിട്ടുണ്ടാകും. സർവ്വകാര്യങ്ങളിലും സത്യമായിരിക്കണം എങ്കിലേ സത്യഖണ്ഢത്തിന്റെ അധികാരിയാകാൻ സാധിക്കൂ. അസത്യം പറയുകയാണെങ്കിൽ അസുഖം വൃദ്ധിപ്രാപിച്ച് നഷ്ടമുണ്ടാക്കിത്തരും.

കുട്ടികൾ വളരെ യുക്തിയോടെ ചോദ്യാവലി ഉണ്ടാക്കണം- പരമപിതാ പരമാത്മാവുമായി നിങ്ങളുടെ സംബന്ധം എന്താണ്? എപ്പോൾ പിതാവാണോ അപ്പോൾ സർവ്വവ്യാപി എന്നതിന് പ്രസക്തിയില്ല. പരമാത്മാവ് സദ്ഗതി ദാതാവാണ്, പതിതപാവനനാണ്, ഗീതയുടെ ഭഗവാനാണ് എങ്കിൽ തീർച്ചയായും എപ്പോളെങ്കിലും വന്ന് ജ്ഞാനം നൽകിയിട്ടുണ്ടാകണം. അഥവാ ഇതാണ് കാര്യമെങ്കിൽ അവരുടെ ജീവിതകഥ അറിയുമോ? അറിയുകയില്ലെങ്കിൽ സമ്പത്ത് ലഭിക്കില്ല. അച്ഛനിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കും. പിന്നീട് രണ്ടാമത്തെ ചോദ്യം ചോദിക്കൂ- പ്രജാപിതാ ബ്രഹ്മാവിനേയും അവരുടെ മുഖവംശാവലികളേയും അറിയുമോ? ആരുടെ നാമമാണോ സരസ്വതി, അവർ ജ്ഞാനജ്ഞാനേശ്വരിയാണ്. അവരെ ജ്ഞാനത്തിന്റെ ദേവി എന്നാണ് പറയുന്നത്. ഇവരാണ് ജഗദംബ. എങ്കിൽ തീർച്ചയായും അവരുടെ കുട്ടികളുമുണ്ടാകും. അച്ഛനും ഉണ്ടാകും. ജ്ഞാനം നൽകുന്നത് ആ അച്ഛനാണ്. ഇപ്പോൾ ഈ പ്രജാപിതാവും ജഗദംബയും ആരാണ്? അവരെ ധനലക്ഷ്മി എന്നും പറയുന്നു, ആ സമയത്ത് ജ്ഞാനജ്ഞാനേശ്വരിയല്ല. ഈ ബ്രഹ്മാ-സരസ്വതി രാജ-രാജേശ്വരിയായി മാറുന്നു. എങ്കിൽ അനേകം കുട്ടികളും സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നുണ്ടാവും. ഇപ്പോൾ ഇത് സംഗമമാണ്, കുംഭമാണ്. നോക്കൂ ആ കുംഭമേളയിൽ എന്താണ് സംഭവിക്കുന്നത്, ഭക്തിമാർഗ്ഗത്തിലുള്ള അർത്ഥത്തിനും ഇതിനും രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. അത് ജലം കൊണ്ടുള്ള നദിയുടേയും സാഗരത്തിന്റേയും മേളയാണ്. ഇത് സാഗരത്തിൽ നിന്നും പുറപ്പെടുന്ന മനുഷ്യഗംഗകളുടെ മിലനമാണ്. പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുന്നത് ആരാണ്? ഈ ചോദ്യവും ചോദിക്കാവുന്നതാണ്. ഇത് അറിഞ്ഞിരിക്കേണ്ട കാര്യമല്ലേ അതുകൊണ്ടാണ് ചോദിക്കുന്നത്. ഈ മാതാപിതാവിന്റെ ജ്ഞാനത്തിലൂടെ നിങ്ങൾക്ക് രാജരാജേശ്വരിയാകാൻ സാധിക്കും. ഈശ്വരൻ സർവ്വവ്യാപിയാണ് എന്ന് പറയുമ്പോൾ മുഖം എങ്ങനെ മധുരിക്കും? ഇപ്പോൾ നിങ്ങൾക്ക് ഭക്തിയുടെ ഫലമായി ജ്ഞാനം ലഭിക്കുന്നു. ഇപ്പോൾ ഭഗവാൻ പഠിപ്പിക്കുകയാണ് അതിനാൽ അലച്ചിലിൽ നിന്നും മുക്തമാകുന്നു. ബാബ പറയുന്നു- കുട്ടീ, അശരീരിയായി ഭവിയ്ക്കൂ. ആത്മാവിന് ജ്ഞാനം ലഭിച്ചു, ഇപ്പോൾ ആത്മാവ് പറയുന്നു- നമുക്ക് ബാബയുടെ അടുത്തേയ്ക്ക് തിരിച്ച് പോകണം. പിന്നീടാണ് പ്രാലബ്ധം. രാജധാനി സ്ഥാപിക്കപ്പെടും. എത്ര മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഈ ചോദ്യാവലി വളരെ നല്ലതാണ്. എല്ലാവരു

ടേയും പോക്കറ്റിൽ ഇത് ഉണ്ടാവണം, സർവ്വീസബിളായ കുട്ടികളേ ഇതിനെ ഗൗരവത്തോടെ എടുക്കൂ. കുട്ടികൾക്കുവേണ്ടി അച്ഛന് എത്ര പരിശ്രമിക്കേണ്ടി വരുന്നു. ബാബ പറയുന്നു- കുട്ടികളേ, തന്റെ ഭാവിയെ ശ്രേഷ്ഠമാക്കി മാറ്റു. ഇല്ലെങ്കിൽ കല്പ കല്പം പദവി കുറഞ്ഞുപോകും. എങ്ങനെയാണോ ബാബ മഹാ രാജാവും മഹാറാണിയുമാകുന്നത് അതുപോലെ കുട്ടികളുമാകണം. പക്ഷേ അതിന് സ്വയത്തിൽ നിശ്ചയം വരണം. രാജാവിൽ വളരെയധികം ശക്തിയുണ്ടാകും. അവിടെ സുഖംതന്നെ സുഖമായിരിക്കും. ബാക്കി രാജാവാകുന്നവരും ഈശ്വരാർത്ഥം ദാനപുണ്യങ്ങൾ ചെയ്തതിന്റെ ഫലമായാണ് ആകുന്നത്. രാജാവിന്റെ ആജ്ഞയനുസരിച്ചാണ് മുഴുവൻ പ്രജകളും നടക്കുക. ഈ സമയത്ത് ഭാരതവാസികളിൽ ആരും രാജാവില്ല, പഞ്ചായത്തീരാജാണ്, അപ്പോൾ എത്ര ബലഹീനമായി.
ബാബയ്ക്ക് അറിയാം വളരെയധികം കുട്ടികൾക്ക് കൊടുങ്കാറ്റ് വരുന്നുണ്ട് പക്ഷേ  വിവരം അറിയിക്കുന്നില്ല. ഇത്തരത്തിലുള്ള കൊടുങ്കാറ്റുകൾ വരുന്നു, അങ്ങ് വഴി പറഞ്ഞുതരൂ എന്ന് ബാബയ്ക്ക് എഴുതണം. ബാബ പരിസ്ഥിതി നോക്കിയിട്ട് വഴി പറഞ്ഞുതരും. എഴുതുന്നുമില്ല, തന്റെ സുഹൃത്തിന്റെ സ്ഥിതി ഇതാണ് ബാബാ, എന്ന് കൂട്ടുകാരും പറയുന്നില്ല. ബാബയെ വിവരം അറിയിക്കണം. ശരി.
വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## രാത്രിക്ലാസ് 11.1.69

പരിധിയില്ലാത്ത അച്ഛൻ വന്ന് മനസ്സിലാക്കിത്തരുന്നു, തന്റേതാക്കി മാറ്റുന്നു, രാജ്യപദവിയ്ക്കായി പഠിപ്പ് നൽകുന്നു, പവിത്രമാക്കിയും മാറ്റുന്നു. ബാബ വളരെ സഹജമായ രീതിയിൽ തന്റേയും സമ്പത്തിന്റേയും പരിചയം നൽകുന്നു. സ്വയം മനസ്സിലാക്കാൻ സാധിക്കില്ല. പരിധിയില്ലാത്ത അച്ഛനിൽ നിന്നും തീർച്ചയായും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കും- ഇതും നല്ല ബുദ്ധിവാന്മാരായ കുട്ടികളേ മനസ്സിലാക്കൂ. അച്ഛൻ എന്ത് സമ്പത്താണ് നൽകുന്നത്? വീടിന്റെ, പഠിപ്പിന്റെ പിന്നെ സ്വർഗ്ഗത്തിലെ ചക്രവർത്തീ പദവിയുടേയും സമ്പത്ത് നൽകുന്നു. ആരാണോ പവിത്രമായി ദൈവീക സമ്പ്രദായത്തിന്റേതാകുന്നത് അവരാണ് രാജധാനിയിൽ വരുക. ആര് എത്രത്തോളം പഠിക്കുന്നുവോ പഠിപ്പിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഇത്രയും കുട്ടികളുണ്ട്, അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുന്നു. ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി, നരനിൽ നിന്നും നാരായണനാക്കി മാറ്റുന്നു. ഇവർ രാജധാനിയുടെ അധികാരിയാണ്. അതിനാൽ സ്വർഗ്ഗത്തിന്റെ രചയിതാവായ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളായ നമ്മൾ സ്വർഗ്ഗത്തിന്റെ ചക്രവർത്തീപദം നേടും, എങ്ങനെയാണോ രാജാവും റാണിയും അതുപോലെ പ്രജകളും.... എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഇത് രാജധാനിയ്ക്കു വേണ്ടിയുള്ള പുരുഷാർത്ഥമാണ്. സത്യയുഗത്തിലെ രാജധാനി എല്ലാവർക്കും ലഭിക്കില്ല. ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ അത്രയും ഉയർന്ന പദവി ലഭിക്കും. പുരുഷാർത്ഥമാണ് പ്രാലബ്ധത്തിന്റെ ആധാരം. പുരുഷാർത്ഥത്തിലൂടെയേ ചക്രവർത്തീപദം ലഭിക്കൂ. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരും, ശുദ്ധമായ സ്വർണ്ണമായി മാറും. രാജധാനിയും ലഭിക്കും. ഇവിടെ എങ്ങനെയാണോ പറയുന്നത് ഞങ്ങൾ ഭാരതത്തിന്റെ അധികാരികളാണെന്ന് അതുപോലെ എല്ലാവരും അധികാരിയായി മാറും. പിന്നീട് പദവി എന്താണ് നേടുക? പഠിപ്പിനു ശേഷം സ്വർഗ്ഗത്തിൽ നമ്മുടെ പദവി എന്തായിരിക്കും. നിങ്ങൾ ഇപ്പോൾ സംഗമത്തിൽ പഠിക്കുകയാണ്, സത്യയുഗത്തിൽ രാജ്യം ഭരിക്കും. ബാബ യോഗവും അഭ്യസിപ്പിക്കുന്നു ഒപ്പം പഠിപ്പിക്കുന്നുമുണ്ട്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ രാജയോഗമാണ് പഠിക്കുന്നത്. ബാബയുടെ ഓർമ്മയിലൂടെ പാവനമായും മാറുന്നു. പിന്നീട് നമ്മുടെ പുനർജന്മം രാവണരാജ്യത്തിലായിരിക്കില്ല, രാമരാജ്യത്തിലായിരിക്കും ഉണ്ടാവുക. ഇപ്പോൾ നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണ്- മന്മനാഭ, മധ്യാജീ ഭവ. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്, വീണ്ടും സത്യയുഗീ സ്വർഗ്ഗം തീർച്ചയായും വരും. ബാബ സംഗമയുഗത്തിൽ തന്നെയാണ് വന്ന് പരിധിയില്ലാത്ത സ്ക്കൂൾ തുറക്കുന്നത്, ഇവിടെ പരിധിയില്ലാത്ത ചക്രവർത്തീപദം നേടുന്നതിനുള്ള പരിധിയില്ലാത്ത പഠിപ്പാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ഇപ്പോൾ പുതിയ ലോകത്തിന്റെ അധികാരിയായി മാറും. പുതിയ ലോകത്തെയാണ് സ്വർഗ്ഗം എന്നു പറയുന്നത്, ലഹരി ഉയരുമല്ലോ. തീർച്ചയായും പഴയ ലോകത്തിനു ശേഷം പുതിയലോകം വരും. കുട്ടികൾക്ക് ഓർമ്മ വരുന്നു. മുഴുവൻ കുട്ടികളുടേയും ഹൃദയത്തിലുണ്ട്- സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റാനായി ഞങ്ങളെ പരമപിതാ പരമാത്മാവ് പഠിപ്പിക്കുകയാണ്. കുട്ടികൾക്ക് സദാ ഇത് ഓർമ്മവേണം ഞങ്ങളെ ഭഗവാനാണ് പഠിപ്പിക്കുന്നത്, ഞങ്ങൾ ഉയർന്നതിലും ഉയർന്ന സത്യയുഗത്തിലെ രാജാ-റാണിയാവുകയാണ്. രാജയോഗത്തിലൂടെയാണ് രാജധാനി ലഭിക്കുന്നത്, അതിൽ പവിത്രത, സുഖം, ശാന്തി എല്ലാം ഉണ്ട്. ഈ ബാബയിൽ ഇപ്പോൾ ശിവബാബ വന്നിട്ടുണ്ട്. അവർ ഉയർന്നതിലും ഉയർന്നതാണ്. ആത്മാവ് അനുഭവവും കൊണ്ടാണ് പോകുന്നത്. അവിടെയെത്തുകയാണെങ്കിൽ

അവിടെയുള്ള പദവി ഉയർന്നതായിരിക്കും. ഓരോ വിദ്യാർത്ഥികളുടേയും ഇരിപ്പിടം വ്യത്യസ്തമായിരിക്കും. ഒരാളുടെ സ്ഥലത്ത് മറ്റൊരാൾക്ക് ഇരിക്കാൻ സാധിക്കില്ല. ഒരാളുടെ പാർട്ട് മറ്റൊരാളുമായി സാമ്യമുണ്ടാകില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവിൽ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നു. ഡ്രാമാപ്ലാൻ അനുസരിച്ച് നമ്മുടെ പുരുഷാർത്ഥം നടന്നുകൊണ്ടിരിക്കുന്നു, ചിലർ രാജാവും ചിലർ റാണിയുമാകും. അന്തിമത്തിൽ പുരുഷാർത്ഥത്തിന്റെ റിസൾട്ട് വരും, അത് പിന്നീട് മാലയാകും. ഉയർന്ന നമ്പറിലുള്ളവർക്ക് തീർച്ചയായും അറിയാൻ സാധിക്കും. മരിച്ചതിനുശേഷം ആത്മാവ് ചെയ്ത കർമ്മങ്ങളുടെ ആധാരത്തിൽ രണ്ടാമത് ശരീരം എടുക്കും എന്ന് മനസ്സിലാകും. നല്ല കർമ്മങ്ങൾ ചെയ്തവർക്ക് യോഗബലത്തിലൂടെ നല്ല ജന്മം ലഭിക്കും. പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ കുറഞ്ഞ പദവിയായിരിക്കും ലഭിക്കുക. ഇങ്ങനെ ഇങ്ങനെ ചിന്തിക്കുന്നതിലൂടെ സന്തോഷമുണ്ടാകും. മഹാരഥികൾക്ക് ഇങ്ങനെയുള്ള മഹിമയുണ്ടാകും. എല്ലാവരുടേയും മുരളി ഒരുപോലെയായിരിക്കില്ല നടക്കുന്നത്. ഓരോരുത്തരുടേയും മുരളി വ്യത്യസ്തമായിരിക്കും, ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയല്ലേ. ഇപ്പോൾ കുട്ടികൾക്ക് കർമ്മങ്ങളിൽ ശ്രദ്ധയുണ്ട്. മാതാവും പിതാവും എങ്ങനെ ചെയ്യുന്നുവോ അതുകണ്ട് കുട്ടികളും പഠിക്കും. ഇപ്പോൾ നിങ്ങൾ ശ്രേഷ്ഠ കർമ്മമാണ് ചെയ്യുന്നത്. സേവനത്തിലൂടെ മനസ്സിലാക്കാൻ കഴിയും, മഹാരഥികളുടെ പ്രയത്നം ഒളിഞ്ഞിരിക്കില്ല. ആരാണ് ഉയർന്ന പദവി നേടുന്നതിനുള്ള പരിശ്രമം ചെയ്യുന്നത് എന്ന് മനസ്സിലാക്കാൻ സാധിക്കും. എല്ലാ കുട്ടികൾക്കും അവസരവുമുണ്ട്. ഉയർന്ന പദവി നേടുന്നതിനായി മന്മനാഭവ എന്ന പാഠം അർത്ഥസഹിതം ലഭിച്ചിട്ടുണ്ട്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ജ്ഞാനസാഗരനായ അച്ഛൻ സ്വയം വന്നാണ് ഈ ഗീതാജ്ഞാനം നൽകുന്നത് അതിനാൽ കൃത്യമായ ജ്ഞാനമേ നൽകു. പിന്നീട് ധാരണയാണ് ആധാരം, എന്താണോ കേട്ടത് അത് പ്രാക്ടിക്കലിൽ കൊണ്ടുവന്നുകൊണ്ടിരിക്കണം. പ്രയാസമുള്ളതല്ല. ബാബയെ ഓർമ്മിക്കണം, ചക്രത്തെ അറിയണം. ഇത് അന്തിമ ജന്മത്തിലെ പഠിപ്പാണ്, ഇത് പാസായി പുതിയ ലോകമായ സത്യയുഗത്തിലേയ്ക്കു പോകും. നിശ്ചയത്തിലാണ് വിജയം എന്ന് പാട്ടുണ്ട്. പ്രീത ബുദ്ധികളായ കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്- നമ്മളെ പഠിപ്പിക്കുന്നത് ഭഗവാനാണ്. കുട്ടികൾക്ക് അറിയാം നമ്മുടെ ആത്മാവാണ് ധാരണ ചെയ്യുന്നത്. ആത്മാവ് ഈ ശരീരത്തിലൂടെ പഠിക്കുന്നു, ജോലി ചെയ്യുന്നു. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ബാബയെ ഓർമ്മിക്കുന്നു പിന്നീട് മായാ രാവണൻ ബുദ്ധിയോഗത്തെ മുറിക്കുന്നു, മായയെ ശ്രദ്ധിക്കണം. എത്രത്തോളം മുന്നോട്ട് പോകുന്നുവോ അത്രത്തോളം നിങ്ങളുടെ പ്രഭാവവും ഉണ്ടാകും ഒപ്പം സന്തോഷത്തിന്റെ അളവും വർദ്ധിക്കും. പുതിയ ജന്മമെടുക്കുമ്പോൾ വളരെ അധികം ഷോ ചെയ്യും.
ശരി- മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ ബാപ്ദാദയുടെ സ്നേഹ സ്മരണകളും ശുഭരാത്രിയും.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഉള്ളിലും പുറത്തും ശുദ്ധമായിരിക്കണം. സത്യമായ ഹൃദയത്തോടെ തന്റെ വിവരങ്ങൾ ബാബയെ അറിയിക്കണം, ഒന്നും ഒളിപ്പിക്കരുത്.

2) ഇപ്പോൾ തിരിച്ച് പോകേണ്ടതിനാൽ അശരീരിയാകാനുള്ള അഭ്യാസം ചെയ്യണം, ശാന്തമായിരിക്കണം.

## വരദാനം:- എന്റേതിനെ നിന്റേതിലേക്ക് പരിവർത്തനം ചെയ്ത് പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്ന ഡബിൾ ലൈറ്റായി ഭവിക്കൂ

ഈ വിനാശീ ശരീരവും ധനവും, പഴയ മനസ്സും എന്റേതല്ല, ബാബയ്ക്ക് നൽകിയിരിക്കുന്നു. ആദ്യത്തെ സങ്കൽപം തന്നെ ഇത് ചെയ്തിരിക്കുന്നു എല്ലാം നിന്റേത്.... ഇതിൽ ബാബയുടെ നേട്ടമല്ല, താങ്കളുടെ നേട്ടമാണ് എന്തുകൊണ്ടെന്നാൽ എന്റേതെന്ന് പറയുന്നതിലൂടെ കുടുങ്ങുന്നു നിന്റേതെന്ന് പറയുന്നതിലൂടെ വേറിടുന്നു. എന്റേതെന്ന് പറയുന്നതിലൂടെ ഭാരമുള്ളവരായി തീരുന്നു നിന്റേതെന്ന് പറയുന്നതിലൂടെ ഡബിൾ ലൈറ്റ്, ട്രസ്റ്റിയായി മാറുന്നു. ഏതുവരെ ഒരാൾ ഭാരരഹിതമാകുന്നില്ലയോ അതുവരെയ്ക്കും ഉയർന്ന സ്ഥിതിയിൽ എത്തിച്ചേരാൻ സാധിക്കില്ല. ഭാരരഹിതമായി കഴിയുന്നവർ തന്നെയാണ് പറക്കുന്ന കലയിലൂടെ ആന്ദത്തിന്റെ അനുഭൂതി ചെയ്യുന്നത്. ഭാരരഹിതമായി കഴിയുന്നതിൽ തന്നെയാണ് ലഹരിയുള്ളത്.

## സ്ലോഗൻ:- ശക്തിശാലീ ആത്മാവ് അവരാണ് ആരിലാണോ ഒരു വ്യക്തിക്കും പ്രകൃതിക്കും തന്റെ പ്രഭാവമുണ്ടാക്കാൻ സാധിക്കാത്തത്.